# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3924 — 15.12.2014 ന് മറുപടിയ്ക്ക്

## തൃശ്ശൂർ ജില്ലയിൽ ആനക്കൊമ്പ് മ്യൂസിയം

ചോദ്യം

ശ്രീ.ബാബു എം. പാലിശ്ശേരി

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) വനംവന്യജീവി വകുപ്പിന്റെ സംരക്ഷണത്തിൽ എത്ര ആനക്കൊമ്പുകൾ സൂക്ഷിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ് സൂക്ഷിക്കുന്നത്;

(എ) വനം വന്യജീവി വകുപ്പിൽ 2013 സെപ്റ്റംബർ മാസത്തെ കണക്കനുസരിച്ച് 8006.482 കിലോഗ്രാം ആനക്കൊമ്പ് സ്റ്റോക്കിലുണ്ട്. ഇവ വനം വകുപ്പാസ്ഥാനത്തെ സ്ട്രോങ്ങ് റൂമിലും വിവിധ ജില്ലാ സബ് ട്രഷറികളിലും സർക്കിൾ ആസ്ഥാനങ്ങളിലും ഡിവിഷൻ ആസ്ഥാനങ്ങളിലും റെയിഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും സൂക്ഷിച്ച് വരുന്നു. വനം വകുപ്പാസ്ഥാനത്തും ഓരോ സർക്കിൾ ചുമതലയിലും സൂക്ഷിച്ചിട്ടുള്ള ആനക്കൊമ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റോക്ക് | അളവ് (കിലോഗ്രാം) |
|---|---|
| 1. ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം. | 3497.439 |
| 2. സതേൺ സർക്കിൾ, കൊല്ലം | 397.769 |
| 3. ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 545.430 |
| 4. സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 499.280 |
| 5. ഇസ്റ്റേൺ സർക്കിൾ, പാലക്കാട് | 516.440 |
| 6. നോർതേൺ സർക്കിൾ, കണ്ണൂർ | 909.330 |
| 7. വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 1581.944 |
| 8. പ്രോജക്ട് ടൈഗർ, കോട്ടയം | 58.850 |
| ആകെ | 8006.482 |

(ബി) ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആനക്കൊമ്പ് സൂക്ഷിക്കുന്നുണ്ടോ; അവിടെ സ്ട്രോങ്ങ് റൂം അടക്കമുള്ള സംരക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) സൂക്ഷിക്കുന്നുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകളിൽ സ്ട്രോങ്ങ് റൂം സംവിധാനം നിലവിലില്ല. എന്നാൽ ആനക്കൊമ്പുകൾ സൂക്ഷിച്ചിരിക്കുന്ന ഫോറസ്റ്റ് സ്റ്റേഷനുകളിലും മറ്റു സ്ഥലങ്ങളിലും ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (സി) സംസ്ഥാനത്തെ ആന പ്രേമികളേയും, ആഭ്യന്തര വിദേശ ടൂറിസ്റ്റുകളേയും ഒരു പോലെ ആകർഷിക്കുന്ന തരത്തിൽ, ആനക്കൊമ്പ് മ്യൂസിയം, തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ